**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 277</u>** **<u>14-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. ആക്ടിലെ സെക്ഷൻ 2(f) പ്രകാരം ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി UGC ലഭ്യമാക്കിയിട്ടുണ്ട്.<br><br>താഴെപ്പറയുന്ന 12 യു.ജി. പ്രോഗ്രാമുകളും 5 പി.ജി. പ്രോഗ്രാമുകളും 2022-23 അക്കാദമിക വർഷം തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>**<u>UG Programmes</u>**<br><br>1. Arabic (BA)<br>2. BBA<br>3. BCA<br>4. Commerce (B.Com)<br>5. Economics (BA)<br>6. English (BA)<br>7. Hindi (BA)<br>8. History (BA)<br>9. Malayalam (BA)<br>10. Philosophy (BA)<br>11. Sanskrit (BA)<br>12. Sociology (BA)<br><br>**<u>PG Programmes</u>**<br><br>1. Commerce (M.Com)<br>2. English (MA)<br>3. History (MA)<br>4. Malayalam (MA)<br>5. Sociology (MA) |

| | | | |
|---|---|---|---|
| | | | ഈ കോഴ്സുകൾക്ക് ആവശ്യമായ SLM (Self Learning Materials) തയ്യാറാക്കിയിട്ടുണ്ട്. 46 അധ്യാപകരെ നാല് സ്കൂളുകളിലായി നിയമിച്ച് അക്കാദമിക് വിഭാഗം പ്രവർത്തനം തുടങ്ങി. School of Languages, School of Humanities and Social Science, School of Law and Business Studies, School of Communication and Information Science എന്നീ പഠനവകുപ്പുകളിൽ മേധാവികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാലു പ്രാദേശിക കേന്ദ്രങ്ങളിലേക്കും ഡയറക്ടർമാരെ സർക്കാർ നിയമിച്ചു.<br><br>സംസ്ഥാനത്തുടനീളം അൻപതോളം ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം UGC അനുമതി ആവശ്യമാണ്. കോഴ്സുകൾക്ക് UGC Distance Education Bureau (DEB) യുടെ അംഗീകാരത്തിന് ആവശ്യമായ രേഖകളോടെ അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ട്. UGC യുടെ അന്തിമ അനുമതി ലഭിച്ചാൽ ഈ അക്കാദമിക് സെഷനിൽ തന്നെ മേൽപറഞ്ഞ കോഴ്സുകൾ തുടങ്ങാൻ സാധിക്കും. |
| (ബി) | പ്രസ്തുത സർവ്വകലാശാലയിൽ കൂടുതൽ തൊഴിലധിഷ്ഠിത ഷോർട്ട് ടേം കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ASAP- മായി ചേർന്ന് തൊഴിലധിഷ്ഠിതവും വിവിധ കാലയളവുള്ളതുമായ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (സി) | വിദേശങ്ങളിൽ ഉൾപ്പെടെ പ്രസ്തുത സർവ്വകലാശാലയ്ക്ക് പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | അത്തരത്തിലുള്ള പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നിലവിലുള്ള UGC ചട്ടങ്ങൾ അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ